**ഓർമ്മക്കുറിപ്പ്-3**

നം. ICDS A1/27437/19

വനിത ശിശു വികസന ഡയറക്ടറേറ്റ്,
പൂജപ്പുര, തിരുവനന്തപുരം.
ഫോൺ: 0471-2346508
ഇ.മെയിൽ : swdicds@gmail.com
തീയതി: 27.11.2020

ഡയറക്ടർ,
വനിതാ ശിശു വികസന വകുപ്പ്,

എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും.

സർ,

വിഷയം : വനിത ശിശു വികസന വകുപ്പ് - സംയോജിത ശിശു വികസന സേവന പദ്ധതി-ഫ്ലെക്സി ഫണ്ട് അകൗണ്ടിൽ എൽപിജി സബ്സിഡി തുക അങ്കണവാടി വർക്കർക്ക് തിരികെ നൽകുന്നത് - സംബന്ധിച്ച്.

സൂചന 1. 10.06.2020, 03.08.2020, 14.08.2020, 24.09.2020, 14.10.2020, 06.11.2020 തീയതികളിലെ ഇതേ നമ്പർ കത്തുകൾ

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. അങ്കണവാടികളുടെ വിവിധ ആവശ്യങ്ങൾക്കായി ബാങ്ക് അകൗണ്ടുകളിൽ നിക്ഷേപിച്ചിട്ടുള്ള ഫ്ലെക്സി ഫണ്ട് തുകയും, പലിശയും, എൽപിജി യുടെ സബ്സ്ഡി തുകയും സർക്കാരിന്റെ വിവിധ ശീർഷകങ്ങളിൽ ഒടുക്കുന്നതിനും തിരിച്ചടച്ച തുകയുടെ വിശദാംശം നിശ്ചിത പ്രോഫോർമ പ്രകാരം പ്രോഗ്രാം ഓഫീസർമാർ ക്രോഡീകരിച്ച് സമർപ്പിക്കുന്നതിനും സൂചന(1) പ്രകാരം ഈ കാര്യാലയത്തിൽ നിന്നും നിർദേശിച്ചിരുന്നു. അപ്രകാരം കോഴിക്കോട്, ഇടുക്കി, മലപ്പുറം ജില്ല പ്രോഗ്രാം ഓഫീസർമാർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെങ്കിലും ടി ജില്ലകളിലെ എല്ലാ ICDS കളിലും തുക തിരിച്ചടച്ചതിന്റെ വിശദാംശം റിപ്പോർട്ടിലില്ല. ടി സാഹചര്യത്തിൽ തിരിച്ചടക്കേണ്ട തുക പൂർണ്ണമായും ഒടുക്കി എല്ലാ പ്രോഗ്രാം ഓഫീസർമാരും റിപ്പോർട്ട് അടിയന്തിരമായി സമർപ്പിക്കേണ്ടതാണ്.

ബാങ്ക് അകൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ള തുകയിൽ എൽപിജി സബ്സിഡി തുക കുറവ് ചെയ്ത ശേഷമുള്ള തുകയാണോ തദ്ദേശ സ്വയം ഭരണ സ്ഥാപനം അനുവദിക്കുന്നതെന്ന് അറിയിക്കുന്നതിന് സൂചന(2) പ്രകാരം ആവശ്യപ്പെട്ടിരുന്നു. ടി റിപ്പോർട്ടും അടിയന്തിരമായി സമർപ്പിക്കേണ്ടതാണ്. ശിശു വികസന പദ്ധതി ഓഫീസർമാർ നേരിട്ട് റിപ്പോർട്ട് സമർപ്പിക്കേണ്ടതില്ല.

വിശ്വസ്തതയോടെ,

**വനിത ശിശു വികസന ഡയറക്ടർ ക്കു വേണ്ടി**

Y